# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.**4149** **24.06.2019** ൽ മറുപടിയ്ക്ക്

### വന്യമൃഗാക്രമണം കാരണം കർഷക ജനത അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

| ചോദ്യം<br>ശ്രീ. കെ.എൻ.എ.ഖാദർ | | മറുപടി<br>അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
|---|---|---|
| (എ) | വന്യമൃഗാക്രമണം കാരണം കർഷക ജനത അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ ലഘൂകരിക്കാൻ സർക്കാർ നടത്തിയ ശ്രമങ്ങൾ വിശദമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ലഘൂകരിക്കാൻ കൈക്കൊണ്ടു വരുന്ന നടപടികൾ ചുവടെചേർക്കുന്നു.<br><br>1 . വനാതിർത്തിയിൽ വന്യമൃഗങ്ങൾ മനുഷ്യവാസ പ്രദേശങ്ങളിലേയ്ക്ക് ഇറങ്ങുന്നത് പ്രതിരോധിക്കുന്നതിലേയ്ക്കായി സൗരോർജ്ജ വേലികൾ, ആന പ്രതിരോധ കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ, ക്രാഷ് ഗാർഡ് റോപ് ഫെൻസിംഗ് തുടങ്ങിയവ നിർമിക്കുന്നു. സംസ്ഥാനത്ത് 2018-19 വരെ 2413.7 കി.മീ.നീളത്തിൽ സൗരോർജ്ജ വേലി, 631 കി.മീ. നീളത്തിൽ ആന പ്രതിരോധ കിടങ്ങുകൾ, 178.133 കി.മീ. ആന പ്രതിരോധ മതിൽ, 6 കി.മീ. കല്ലുകെട്ടിയ കിടങ്ങുകൾ (Stone Pitched Trenches), 26 കി.മീ. ജൈവവേലി, 248 കി.മീ. കയ്യാല എന്നിവ നിർമ്മിച്ചിട്ടുണ്ട്.<br><br>2. വനത്തിനു പുറത്തേക്ക് വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചു വിടുന്നതിനുള്ള സംവിധാനത്തോടെ പ്രവർത്തിക്കുന്ന റാപ്പിഡ് റെസ്പോൺസ് ടീമുകൾ.<br><br>3 . പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.<br><br>4 . സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടിവച്ചോ, കൂട്ടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസകേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വന മേഖലയിലേയ്ക്ക് റീ-ലൊക്കേറ്റ് ചെയ്യൽ<br><br>5 . പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ് മുഖാന്തിരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ. |

| | | |
|---|---|---|
| | | 6 . വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.<br><br>7 . വന്യജീവി ആക്രമണം രൂക്ഷമായി അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽ നിന്നും കുടുംബങ്ങളെ അവരുടെ സമ്മതത്തോടെ നഷ്ടപരിഹാരം നൽകി മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ.<br><br>8 . വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക്ഡാമുകളും നിർമ്മിക്കുന്നതിനും വനവത്ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.<br><br>9 . മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ. |
| (ബി) | ഈ വിഷയത്തെക്കുറിച്ച് പഠിച്ച് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനായി സർക്കാർ വിദഗ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; ഇതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ടോ; വിശദീകരിക്കുമോ; | (ബി) നിലവിൽ കേരളത്തിൽ വന്യജീവി ആക്രമണ സംഭവങ്ങൾ വർദ്ധിച്ചു വരുന്ന അടിയന്തര സാഹചര്യം കണക്കിലെടുത്ത് പ്രസ്തുത പ്രശ്നത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് സമഗ്രവും ശാസ്ത്രീയവുമായ പഠനം നടത്തുവാൻ ഡെറാഡൂണിലെ വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷന്റെ (PTCF) പങ്കാളിത്തത്തോടെയാണ് പ്രസ്തുത പഠനം നടത്തുന്നത്. നിലവിൽ അവലംബിക്കുന്ന പ്രതിരോധ മാർഗ്ഗങ്ങളുടെ കാര്യശേഷി സംബന്ധിച്ചും, ഓരോ പ്രദേശത്തിനും അനുയോജ്യമായ പ്രതിരോധ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതും, ജീവനക്കാർക്ക് അടിയന്തര സാഹചര്യത്തെ നേരിടാൻ പരിശീലനവും, മനുഷ്യ-വന്യജീവി സംഘർഷം നേരിടുന്നതിനായി ഒരു സമഗ്ര പദ്ധതി തയ്യാറാക്കൽ എന്നിവ പ്രസ്തുത പഠനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഒരു വർഷത്തിനുള്ളിൽ പഠനം പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിക്കാനാണ് നിർദ്ദേശിച്ചിരിക്കുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി 18.88 ലക്ഷം രൂപ ഇതിനായി അനുവദിച്ചിട്ടുണ്ട്. പഠനം നടത്തി വിവര ശേഖരണം നടന്നു വരുന്നു. |

| | | |
|---|---|---|
| (സി) | വന്യമൃഗങ്ങളുടെ ആക്രമണത്തിൽ കർഷകരെ രക്ഷിക്കുന്നതിനും കൃഷിനാശം തടയുന്നതിനും ആയതിനു വേണ്ടത്ര നഷ്ടപരിഹാരം നൽകുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി) വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിന്നും കർഷകരെ രക്ഷിക്കുന്നതിനും കൃഷിനാശം തടയുന്നതിനും ഉത്തരം (എ)ൽ വിവരിച്ച കാര്യങ്ങൾ നടപ്പാക്കി വരുന്നു. കൂടാതെ, കാലതാമസം ഒഴിവാക്കാനായി ഇ-ഡിസ്ട്രിക്ട് എന്ന ഓൺലൈൻ പോർട്ടൽ മുഖേനയാണ് വന്യജീവി ആക്രമണം മൂലമുള്ള നഷ്ടപരിഹാരത്തിനുള്ള അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ